# സ്പോർട്സ് സ്കൂൾ സെലക്ഷൻ 2025-26

സംസ്ഥാന കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കും, കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂൾ സ്പോർട്സ് അക്കാഡമികളിലേക്കുമുള്ള 2025-26 അദ്ധ്യയന വർഷത്തെ ആദ്യഘട്ട സെലക്ഷൻ ജനുവരി 18 മുതൽ വിവിധ കേന്ദ്രങ്ങളിലായി നടത്തും. 6, 7, 8 ,+1 ക്ലാസ്സുകളിലേക്ക് നേരിട്ടും, 9, 10 ക്ലാസ്സുകളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിയിലൂടെയും ആയിരിക്കും സെലക്ഷൻ.

അത്‌ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഫുട്ബോളിലും, തയ്ക്കൊണ്ടോയിലും പെൺകുട്ടികൾക്ക് മാത്രവുമാണ് സെലക്ഷൻ. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തുന്നതാണ്. 6, 7 ക്ലാസ്സുകളിലേക്കുള്ള സെലക്ഷൻ കായികക്ഷമതാ ടെസ്റ്റിന്റെ അടിസ്ഥാനത്തിലും 8, +1 ക്ലാസ്സുകളിലേക്കുള്ള സെലക്ഷൻ കായിക ക്ഷമതയുടെയും അതാത് കായിക ഇനത്തിലെ മികവിന്റെയും അടിസ്ഥാനത്തിലുമാണ്. 9, 10 ക്ലാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രിക്ക് സംസ്ഥാന തലത്തിൽ മെഡൽ കരസ്ഥമാക്കിയവരോ, തത്തുല്യ പ്രകടനം കാഴ്ചവെച്ചവരോ ആയിരിക്കണം.

വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രാഥമിക സെലക്ഷനിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികളെ ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന അസ്സെസ്സ്മെന്റ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതാണ്. ക്യാമ്പിലെ പ്രകടനത്തിന്റെയും, ടെസ്റ്റുകളുടെയും അടിസ്ഥാനത്തിൽ വിവിധ ക്ലാസ്സുകളിലേക്ക് അഡ്മിഷനുള്ള വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കും.

താഴെപ്പറയുന്ന കേന്ദ്രങ്ങളിലാണ് പ്രാഥമിക സെലക്ഷൻ നടത്തുന്നത്.

18/01/2025 – മുനിസിപ്പൽ സ്റ്റേഡിയം, തലശ്ശേരി

19/01/2025 – ഇ എം എസ്സ് സ്റ്റേഡിയം നീലേശ്വരം

21/01/2025 – എസ്സ്.കെ.എം.ജെ .എച്ച് .എസ്സ്. എസ്സ് സ്റ്റേഡിയം, കൽപ്പറ്റ

22/01/2025 – കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം, തേഞ്ഞിപ്പാലം

23/01/2025 – മെഡിക്കൽ കോളേജ് സ്റ്റേഡിയം, പാലക്കാട്

24/01/2025 – ജി.വി.എച്ച് .എസ്സ് .എസ്സ് കുന്നംകുളം, തൃശ്ശൂർ

25/01/2025 – യു.സി കോളേജ് ഗ്രൗണ്ട്, ആലുവ

28/01/2025 – കലവൂർ ഗോപിനാഥ് സ്റ്റേഡിയം, കലവൂർ, ആലപ്പുഴ

30/01/2025 – മുനിസിപ്പൽ സ്റ്റേഡിയം, നെടുങ്കണ്ടം, ഇടുക്കി

31/01/2025 – മുനിസിപ്പൽ സ്റ്റേഡിയം, പാലാ

01/02/2025 – കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട

02/02/2025 – ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ

03/02/2025 – ജി വി രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം

സെലക്ഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, 2 പാസ്സ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫ്, സ്പോർട്സ് ഡ്രസ്സ് സഹിതം അതാത് ദിവസം രാവിലെ **9.00** മണിക്ക് എത്തിച്ചേരേണ്ടതാണ്. വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് മേൽ സൂചിപ്പിച്ച ഏതെങ്കിലും സെന്ററിൽ സെലക്ഷന് പങ്കെടുക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് dsya.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**********